**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ചാലക്കുടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1632/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19.05.2017.

---

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി.)332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ധനകാര്യ വകുപ്പ് നോഡൽ ഓഫീസർക്ക് ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ. നൽകിയ 25.10.2016 തീയതിയിലെ കത്ത്.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.04.2017-ലെ ഡിബി7/4675/17/14/സിഇ/തസ്വഭവ (2) നമ്പർ കത്ത്.

**ഉത്തരവ്**

ചാലക്കുടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ., "ചാലക്കുടി മുൻസിപ്പാലിറ്റി (വാർഡ്-20,21), ചർച്ച് റോഡ് നവീകരണം", "ചാലക്കുടി മുൻസിപ്പാലിറ്റി വാർഡ് 21, കോൺവെന്റ് റോഡ് നവീകരണം" എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചാലക്കുടി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എയുടെ 2016-2017 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രോജക്ക് ഐ.ഡി.1033 ചാലക്കുടി മുൻസിപ്പാലിറ്റി (വാർഡ്-20,21), ചർച്ച് റോഡ് നവീകരണം (50.30 ലക്ഷം), പ്രോജക്ക് ഐ.ഡി.1034 ചാലക്കുടി മുൻസിപ്പാലിറ്റി വാർഡ് 21, കോൺവെന്റ് റോഡ് നവീകരണം (27.35 ലക്ഷം) എന്നീ പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 77.65 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ക് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ, ചാലക്കുടി നിയോജക മണ്ഡലം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ചാലക്കുടി മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (740/NC-C3/2016/Fin)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ